"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിലെ ശ്രീമതി പ്രേംഷീജയുടെ വിവാഹം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3093/2022/LSGD തീയതി,തിരുവനന്തപുരം, 13-12-2022

---

പരാമർശം:-

1. ശ്രീ. പി.വി. അയ്യപ്പൻ, പട്ടത്തുപറമ്പിൽ ഹൗസ്, കിഴുപ്പിള്ളിക്കര പി.ഒ. എന്നവർ 14/08/2021 ൽ വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറലിന് സമർപ്പിച്ച അപേക്ഷ.
2. വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറലിന്റെ 14/12/2021 ലെ PAN/12477/2021-B2(DP) നമ്പർ കത്ത്.

**ഉത്തരവ്**

24.04.1996 ൽ വധൂ ഗൃഹത്തിൽ വെച്ച് നടന്ന ശ്രീമതി പ്രേംജിഷ, ശ്രീ. അനിൽകുമാർ എന്നിവർ തമ്മിലുള്ള വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി പ്രേംജിഷയുടെ പിതാവ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിശോധിച്ചതിൽ 24.04.1996 ൽ നടന്ന പ്രസ്തുത വിവാഹം 2018 മെയ് 11 ലെ തൃശ്ശൂർ കുടുംബ കോടതിയുടെ ഉത്തരവിൻ പ്രകാരം വിവാഹ മോചനം നടന്നിരുന്നു. ഇന്ത്യൻ ആർമിയിൽ ജോലി ചെയ്തിരുന്ന പിതാവിന്റെ മരണാനന്തരം വിവാഹ മോചിതയായ മകൾക്ക് ഫാമിലി പെൻഷൻ ലഭിക്കുന്ന ആവശ്യത്തിലേക്കായി സൈനിക ഓഫീസിൽ വിവാഹ മോചനം നടന്നതിന്റെ രേഖയോടൊപ്പം വിവാഹ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതിനാലാണ് നിലവിൽ വിവാഹം രജിസ്റ്റർ ചെയ്യേണ്ട സാഹചര്യമുണ്ടായത്.

(2) വിവാഹ മോചനം ലഭിച്ച ഉത്തരവിൽ ഹിന്ദു വിവാഹ നിയമം സെക്ഷൻ 13 (ബി) പ്രകാരമുള്ള വിവാഹ മോചനത്തിനായി സംയുക്തമായി അപേക്ഷ സമർപ്പിച്ചുവെന്ന് കാണുന്നു. 1955 ലെ ഹിന്ദു വിവാഹ രജിസ്ട്രേഷൻ ആക്ട് പരിശോധിച്ചതിൽ വിവാഹം രജിസ്റ്റർ ചെയ്യാതെ വിവാഹമോചിതരായവരുടെ വിവാഹം പിൽക്കാലത്ത് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. 1957 ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള റിപ്പോർട്ട് ഫോറം 1 ൽ വിവാഹത്തിലേർപ്പെടുന്ന ഇരുകക്ഷികളും ഒപ്പ് വയ്ക്കേണ്ടതും അനുബന്ധ രേഖകൾ സമർപ്പിക്കേണ്ടതായിട്ടുമുണ്ട്. തുടർന്ന് ഈ വിഷയത്തിൽ സ്പഷ്ടീകരണം ലഭിക്കുന്നതിനായി വിവാഹ (പൊതു)മുഖ്യ രജിസ്ട്രാർ ജനറൽ കൂടിയായ തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ കത്ത് സമർപ്പിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ ചട്ടം 9(3) പ്രകാരം വിവാഹത്തിലേർപ്പെടുന്ന ഇരു

കക്ഷികളും മെമ്മോറാണ്ടത്തിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതുണ്ട്. ദമ്പതികളിൽ ഒരാൾ മരണപ്പെട്ട സംഗതിയിൽ മാത്രമാണ് ജീവിച്ചിരിക്കുന്ന വ്യക്തിയുടെ ഒപ്പ് രേഖപ്പെടുത്തി വിവാഹം രജിസ്റ്റർ ചെയ്ത് നൽകാൻ സാധിക്കുന്നത്. വിവാഹ മോചനം നേടിയവരുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുവദിക്കുന്നുമില്ല. വിവാഹം നടന്നത് 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പാണ്. 1955-ലെ ഹിന്ദു വിവാഹ നിയമത്തിലും 1957 -ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടത്തിലും വിവാഹ രജിസ്ട്രേഷൻ നിർബന്ധമായിരുന്നില്ല. ദമ്പതികളുടെ വിവാഹം നടന്നത് ബഹു. കോടതിക്ക് നടപടിക്രമങ്ങളിൽ ബോധ്യപ്പെട്ടത് കൊണ്ടാണ് വിവാഹമോചന ഹർജി അനുവദിച്ചിട്ടുള്ളതെന്ന് സർക്കാർ മനസിലാക്കുന്നു. വിവാഹമോചനം അനുവദിക്കുമ്പോൾ കക്ഷികൾ തമ്മിലുള്ള വിവാഹം കോടതി അംഗീകരിച്ചതായും കണക്കാക്കാവുന്നതാണ്.

(4) ആയതിനാൽ, ശ്രീമതി. പ്രേംഷീജയ്ക്ക് വിവാഹസർട്ടിഫിക്കറ്റിന്റെ ആവശ്യകത കണക്കിലെടുത്തുകൊണ്ടും അപേക്ഷയിലെ ആവശ്യം ന്യായമാണെന്നതിനാലും വിവാഹമോചിതയായ മകൾക്ക് ഉപജീവനത്തിനായി പിതാവിന്റെ പെൻഷൻ ലഭിക്കേണ്ടതിന്റെ അനിവാര്യത പരിഗണിച്ചും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് വധൂഗൃഹത്തിൽവെച്ച് 24/04/1996 ൽ നടന്ന ശ്രീമതി പ്രേംജിഷ, ശ്രീ. അനിൽകുമാർ എന്നിവർ തമ്മിലുള്ള വിവാഹം ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി മാത്രം മിലിറ്ററി അധികാരികൾ/ജില്ലാ സൈനിക ക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർ മുമ്പാകെ മാത്രമേ ഹാജരാക്കാൻ പാടുള്ളൂ എന്ന നിബന്ധനയോടെ, രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് താന്ന്യം ഗ്രാമപഞ്ചായത്തിലെ വിവാഹ രജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(5) ടി ആവശ്യത്തിന് ശേഷം ജില്ലാ സൈനിക ക്ഷേമ വകുപ്പ് ഓഫീസറുടെ സ്ഥിരീകരണം ലഭിക്കുന്നത് വരെ വിവാഹ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സോഫ്റ്റ്‌വെയറിൽ നിലനിർത്തുന്നതിനുള്ള നടപടി ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJEEVAN A P

**ഡെപ്യൂട്ടിസെക്രട്ടറി**

1. വിവാഹ രജിസ്ട്രാർ / സെക്രട്ടറി, താന്ന്യം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
2. വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ / ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് - I / ഓഡിറ്റ് - II ), കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. നിയമ (ഒപ്പീനിയൻ ഇ) വകുപ്പ് (13/04/2022 ലെ 5937/ഒപ്പീനിയൻ ഇ2/2022/നിയമം പ്രകാരം)
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ആർസി3/490/2021/തസ്വഭവ).

*ഉത്തരവിൻ പ്രകാരം*

**Signed by Pradeesh M**
**Date: 13-12-2022 14:41:20**

*സെക്ഷൻ ഓഫീസർ*